**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 297 20.6.2014-ൽ മറുപടിയ്ക്ക്**

## കാലിവളർത്തലിൽ താൽപര്യക്കുറവ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എൻ.ഷംസുദ്ദീൻ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.കെ.മുഹമ്മദുണ്ണിഹാജി<br>ശ്രീ.പി.ബി.അബ്ദുൾ റസാക് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ഗ്രാമ പ്രദേശങ്ങളിൽപ്പോലും വീടുകളിൽ വളർത്തു മൃഗങ്ങളെ വളർത്തി പരിപാലിക്കുന്നതിൽ താല്പര്യം കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ; | ബി) ഉണ്ട്.താഴെപ്പറയുന്ന കാരണങ്ങൾ മൂലം വളർത്തുമൃഗങ്ങളുടെ എണ്ണം കുറയുന്നതായി കാണുന്നു.<br>1.കാലാകാലങ്ങളിൽ ഉണ്ടാകുന്ന അമിതമായ കാലിത്തീറ്റ വില വർദ്ധന<br>2.മേച്ചിൽ സ്ഥലങ്ങളുടെ ലഭ്യതക്കുറവും പച്ചപ്പുല്ലുൽപാദനത്തിന്റെ കുറവും<br>3.ക്ഷീര കർഷകർക്ക് ഉല്പാദന ചെലവിനെ അടിസ്ഥാനമാക്കി വില ലഭിക്കാത്ത സാഹചര്യം<br>4.മലിനീകരണ നിയന്ത്രണ നിയമം മൂലം ക്ഷീര കർഷകർ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ<br>5.നല്ലയിനം ഉരുക്കളുടെ ലഭ്യതക്കുറവ്<br>6.മൃഗസംരക്ഷണ മേഖലയിൽ ബാങ്ക് വായ്പകൾക്കുള്ള ഉയർന്ന പലിശനിരക്ക്<br>7. നഗരവൽക്കരണം<br>8.ക്ഷീരകർഷകർക്ക് കന്നുകുട്ടികളെ പരിപാലിക്കുന്നതിന് ഗണ്യമായ തുക ചെലവഴിക്കേണ്ടി വരുന്നു. എന്നാൽ ഈ കാലയളവിൽ കന്നുകുട്ടികളിൽ നിന്ന് ഒരു വരുമാനവും ലഭിക്കുന്നില്ല.<br>മേൽപ്പറഞ്ഞ സാഹചര്യത്തിൽ പല ക്ഷീരകർഷകരും അവരുടെ കന്നുകുട്ടികളെ |

പരിപാലിക്കാത്തതുമൂലം കന്നുകുട്ടികൾ വളർച്ച മുരടിച്ച് ഉല്പാദന ശേഷി നഷ്ടപ്പെടുകയോ പൂർണ്ണമായി ലഭിക്കാതിരിക്കുകയോ ചെയ്യുന്നു. ഇത് സംസ്ഥാനത്ത് അടുത്ത തലമുറയ്ക്കുള്ള കന്നുകാലികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നതിനു കാരണമാകുന്നു.

സി) സംസ്ഥാനത്ത് പാലുൽപ്പാദനത്തിന് ഫാമുകളിലല്ലാതെ വളർത്തുന്ന, കാലി സമ്പത്തിന്റെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

സി) ഉണ്ട്.2013-14 വർഷത്തിൽ മൂന്ന് സീസണുകളിലും (വേനൽക്കാലം, മഴക്കാലം, മഞ്ഞുകാലം) ചേർന്ന് പാൽ ഉല്പാദനത്തിനായി കണക്കാക്കിയ മൃഗങ്ങളുടെ എണ്ണം താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പശുക്കൾ(വിദേശി/ സങ്കരയിനം) | 795850 |
| 2 | പശുക്കൾ-നാടൻ | 9673 |
| 3 | എരുമ | 48455 |
| 4 | ആട് | 456915 |

Seela

സെക്ഷൻ ഓഫീസർ